"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - കേരള സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിന് കീഴിൽ താൽക്കാലിക (ഹോണറേറിയം) വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ഒ.സി.ബി. കൗൺസിലർമാരുടെ ഹോണറേറിയം വർദ്ധിപ്പിച്ചുകൊണ്ടും, അവരുടെ സേവനം സംസ്ഥാന സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിലും, ജില്ലാ സാമൂഹ്യനീതി ഓഫീസുകളിലും നൽകുന്നതിന് അനുമതി നൽകി കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.121/2026/SJD തീയതി,തിരുവനന്തപുരം, 25-06-2026

---

പരാമർശം:-

1. 20.05.2013-ലെ സ.ഉ.(എം.എസ്.)നമ്പർ.42/2013/സാ.നീ.വ സർക്കാർ ഉത്തരവ്.
2. 24.03.2015-ലെ സ.ഉ.(എം.എസ്.)നമ്പർ.20/2015/സാ.നീ.വ സർക്കാർ ഉത്തരവ്
3. 19.04.2025-ലെ സ.ഉ.(അച്ചടി)നമ്പർ.54/2025/ധന സർക്കാർ ഉത്തരവ്
4. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 12.01.2026, 14.03.2026 എന്നീ തിയതികളിലെ എസ്.ജെ.ഡി/6190/2025-പി.സി.1 നമ്പർ കത്തുകൾ.

**ഉത്തരവ്**

കേരള സംസ്ഥാന ഓർഫനജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന വിവിധ ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് കൗൺസിലിംഗ് ഉൾപ്പെടെയുള്ള വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക് (എം.എസ്.ഡബ്ലിയു.) കോഴ്സ് യോഗ്യതയുള്ള 40 കൗൺസിലർമാരെ തെരഞ്ഞെടുക്കുവാനും 14 ജില്ലകളിലായി പ്രതിമാസം 10,000/- രൂപ ഹോണറേറിയത്തോടെ നിയമിക്കുന്നതിനും പരാമർശം 1- പ്രകാരം അനുമതി നൽകിയിരുന്നു . തുടർന്ന് ടി കൗൺസിലർമാരുടെ പ്രതിമാസ ഹോണറേറിയം 12,000/- രൂപയായും, ട്രാവലിംഗ് അലവൻസ്/യാത്രബത്ത (ടി.എ.) 2,000/-രൂപയായും വർദ്ധിപ്പിച്ച് കൊണ്ട് (ആകെ 14,000/- രൂപ) പരാമർശം-2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. എന്നാൽ സംസ്ഥാന സാമൂഹ്യനീതി വകുപ്പിൽ തന്നെ അതേ വിദ്യാഭ്യാസ യോഗ്യതയോടെ നിയമിക്കപ്പെടുന്ന പ്രൊബേഷൻ അസിസ്റ്റന്റ്, വയോജന ക്ഷേമത്തിനുള്ള ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകളിലും, സംസ്ഥാന വനിതാ-ശിശുവികസന വകുപ്പിന് കീഴിലുള്ള സ്കൂൾ കൗൺസിലർമാരുടെയും വേതനം പരാമർശം 3-ലെ സർക്കാർ ഉത്തരവിൻ

പ്രകാരം ഏകദേശം 29,535/- രൂപയാണെന്നും, ഈ സാഹചര്യത്തിൽ നിലവിൽ ഓർഫനജ് കൺ ട്രോൾ ബോർഡ് കൗൺ സിലർ മാരായി താൽക്കാലികമായി സേവനമനുഷ്ഠിക്കുന്ന 40 പേരുടെ ഹോൺറേറിയത്തിൽ കാലോചിതമായ വർദ്ധവന് വരുത്തി അവരുടെ പ്രതിമാസ ഹോണറേറിയം 31,020/- രൂപയായി നിജപ്പെടുത്തി കൊണ്ടും, അവരുടെ സേവനം ഓർഫനേജ് കൺട്രോൾ ബോർഡ് ഗ്രാന്റ് ലഭിക്കുന്ന സ്ഥാപനങ്ങളിൽ മാത്രം പരിമിതപ്പെടുത്താതെ സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള എല്ലാ ക്ഷേമസ്ഥാപനങ്ങളിലേയ്ക്കും വ്യാപിപ്പിക്കുവാനും ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ആവശ്യപ്പെടുന്ന പക്ഷം ജില്ലാ ഓഫീസുകളിലും സഹായ സേവനങ്ങൾ നൽകുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തുവാനും അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ച് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പരാമർശം 4-പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിന് കീഴിൽ താൽക്കാലിക (ഹോണറേറിയം) വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന 40 കൗൺസിലർമാരുടെ യാത്രബത്ത ഉൾപ്പെടെ പ്രതിമാസ ഹോണറേറിയം 25,000/- രൂപയായി (ഇരുപത്തി അയ്യായിരം രൂപ മാത്രം) വർദ്ധിപ്പിച്ചുകൊണ്ടും, അവരുടെ സേവനം ഓർഫനേജ് കൺട്രോൾ ബോർഡ് ഗ്രാന്റ് ലഭിക്കുന്ന സ്ഥാപനങ്ങളിൽ മാത്രം പരിമിതപ്പെടുത്താതെ സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള എല്ലാ ക്ഷേമസ്ഥാപനങ്ങളിലേയ്ക്കും വ്യാപിപ്പിക്കുവാനും ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ആവശ്യപ്പെടുന്ന പക്ഷം ജില്ലാ ഓഫീസുകളിലും സഹായ സേവനങ്ങൾ നൽകുന്നതിനുള്ള അനുമതി നൽകികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത ഹോണറേറിയം നല്കുന്നതിന് ആവശ്യമായ ചെലവ് 2235-02-001-96-പ്ലാൻ എന്ന പദ്ധതി ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUSAN LOPEZ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ്ഭവൻ, തിരുവനന്തപുരം
എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും (ഡയറക്ടർ,
സാമൂഹ്യനീതി വകുപ്പ്, മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ ഓഡിറ്റ് ),
കേരളം, തിരുവനന്തപുരം
ധനകാര്യ (വെൽഫെയർ വിംഗ്) വകുപ്പ് (22.04.2026-ലെ
ഡബ്ല്യു.ഡബ്ല്യു-ഡബ്ല്യു.ഡബ്ല്യു 2/30/2026/ധന കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഡിവിഷൻ,
വിവര പൊതുജന സമ്പർക്ക വകുപ്പ്,
ഗവൺമെന്റ് സെക്രട്ടറിയേറ്റ്
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
സെക്ഷൻ ഓഫീസർ
Date: 25-06-2026 14:51:04